# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ്- പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പി.എ. തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ശ്രീ. സുധീർ എം. എസ്- ന്റെ അന്യത്ര സേവനകാലാവധി റദ്ദ് ചെയ്ത് മാതൃവകുപ്പിലേയ്ക്ക് തിരിച്ചയച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്

G.O.(Rt)No. 948/2018/HEDN തീയതി,തിരുവനന്തപുരം, 14/05/2018

പരാമർശം:- 1. 23.08.2016 ലെ സ.ഉ. (സാധാ) നം. 2249/2016/ഉ.വി.വ നമ്പർ ഉത്തരവ്.

2. 29.07.2017ലെ സ.ഉ. (സാധാ) നം.1422/2017/ഉ.വി.വ നമ്പർ ഉത്തരവ്.

3. 25.09.2017ലെ സ.ഉ. (സാധാ) നം.1727/2017 /ഉ.വി.വ നമ്പർ ഉത്തരവ്.

4. 05/04/2018 ലെ സ.ഉ. (സാധാ) നം.691/2018/ഉ.വി.വ നമ്പർ ഉത്തരവ്.

5. 11/04/2018ലെ സ.ഉ.(സാധാ)നം 740/2018/ഉ.വി.വ.നമ്പർ ഉത്തരവ്.

6.എഡ്യൂക്കേഷൻ മിഷൻ ചീഫ് കോർഡിനേറ്റർ സമർപ്പിച്ച 26/04/2018 തീയതിയിലെ ടൂർ റിപ്പോർട്ട്.

### ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ സീനിയർ സൂപ്രണ്ട് ശ്രീ. സുധീർ എം. എസ് - നെ അന്യത്ര സേവനവ്യവസ്ഥയിൽ പ്രവേശന പരീക്ഷാ

കമ്മീഷണറുടെ കാര്യാലയത്തിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിച്ചിരുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ, സർക്കാരിന്റെ സാധൂകരണത്തിന് വിധേയമായി, ശ്രീ. സുധീർ എം. എസ് - നെ പ്രവേശന പരീക്ഷാകമ്മീഷണറുടെ പി.എ തസ്തികയിൽ 29.05.2017 അപരാഹ്നം പ്രബല്യത്തിൽ താത്കാലികമായി നിയമിക്കുകയും ഈ നടപടി പരാമർശം (2) ലെ ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിക്കുകയും ചെയ്തു. തുടർന്ന്, പരാമർശം (3) ലെ ഉത്തരവ് പ്രകാരം ടിയാന്റെ അന്യത്ര സേവന കാലാവധി, നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി, 01.09.2017 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കുകയുണ്ടായി.

2. 2018 അധ്യയന വർഷം സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനത്തിനായി പ്രവേശന പരീക്ഷാകമ്മീഷണർ മുഖേന നടത്തിവരുന്ന പ്രവേശനപരീക്ഷ മുൻവർഷങ്ങളിലേതു പോലെ ദുബായ് സെന്ററിലും നടത്തുകയും ഇവിടുത്തെ പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ സംഘത്തിൽ ശ്രീ.സുധീർ എം.എസ് നെ പ്രവേശന പരീക്ഷാകമ്മീഷണറുടെ പ്രതിനിധിയായി പരാമർശം (3) ലെ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി. പരീക്ഷാനടത്തിപ്പിനു ശേഷം 25/04/2018 ന് തിരികെ നാട്ടിലേയ്ക്ക് വരുന്നതിനായി ദുബായ് എയർപോർട്ടിൽ ചെക്ക് ഇൻ ചെയ്യുമ്പോൾ ശ്രീ.സുധീർ.എം.എസ് വർഷങ്ങൾക്ക് മുൻപ് ദുബായിൽ ജോലി ചെയ്തിരുന്ന സമയത്ത് ബാങ്കിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാത്തതതിനെതിരെ ഉണ്ടായിരുന്ന കേസുമായി ബന്ധപ്പെട്ട് ടിയാനെ എയർപോർട്ട് അധികൃതർ തടഞ്ഞുവയ്ക്കുകയും, തുടർന്ന് ദുബായ് പോലീസ് കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു. താൻ വിദേശത്ത് കേസിൽ ഉൾപ്പെട്ടിട്ടുള്ള വിവരം ടിയാൻ സർക്കാരിനേയോസ്ഥാപന മേധാവിയെയോ അറിയിച്ചിരുന്നില്ല.

3. ഈ സാഹചര്യത്തിൽ, പരാമർശം (3) ലെ ഉത്തരവ് പ്രകാരം, പ്രവേശന പരീക്ഷാകമ്മീഷണറുടെ പി.എ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ശ്രീ.സുധീർ.എം.എസ് ന്റെ അന്യത്ര സേവനകാലാവധി റദ്ദ് ചെയ്തുകൊണ്ടും, ടിയാനെ മാതൃവകുപ്പായ കോളേജ് വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് തിരികെ അയച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A.JAMES RAJ
JOINT SECRETARY

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. സുധീർ. എം. എസ്, പ്രവേശന പരീക്ഷാകമ്മീഷണറുടെ പി.എ, പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.

ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ